Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 10566/E1/2022/കെ ഡബ്ല്യു എ

തീയതി: 05.05.2022

**സർക്കുലർ**

വിഷയം:- കേരള വാട്ടർ അതോറിറ്റി - പൊതു സ്ഥലം മാറ്റം: 2022 - ജി-സ്പാർക്ക് മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1. GO(P)NO.3/2017/P&ARD Dated 25/02/2017 നമ്പർ സർക്കാർ ഉത്തരവ്.
2. 25.04.2022 ന മാനേജിംഗ് ഡയറക്ടർ നടത്തിയ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിന്റെ പ്രതിമാസ അവലോകന യോഗം.
3. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ - ടെ നടപടിക്രമം നമ്പർ 10567/E1/2022/KWA തീയതി 30.04.2022

കേരള സർക്കാർ പുറപ്പെടുവിച്ച പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിയിട്ടുണ്ട്. പൊതുസ്ഥലം മാറ്റനടപടികൾ കൂടുതൽ കാര്യക്ഷമമായും, കുറ്റമറ്റരീതിയിലും നടത്തുന്നതിനായി പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശം 1(iv) പ്രകാരം നാഷണൽ ഇൻഫോമാറ്റിക് സെന്റർ (NIC) ജി- സ്പാർക്ക് ഡാറ്റബേസ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഓൺലൈൻ സംവിധാനത്തിലൂടെ കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ 2022 ലെ പൊതുസ്ഥലംമാറ്റം നടത്തുന്നതിലേക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. **ജി-സ്പാർക്കിലെ എല്ലാ എംപ്ലോയീപ്രൊഫൈലുകളും 12.05.2022 വൈകുന്നേരം 3 മണിക്ക് മുൻപായി ലോക്ക് ചെയേണ്ടതാണ്. എംപ്ലോയീ പ്രൊഫൈൽ ലോക്ക് ചെയുമ്പോൾ, എല്ലാ ഫീൽഡുകളും ലോക്ക് ചെയേണ്ടതും, പ്രൊഫൈലുകളിലെ വിവരങ്ങൾ ശരിയാണെന്നു എല്ലാ ഓഫീസ് മേലധികാരികളും (DDO) ഉറപ്പുവരുത്തേണ്ടതുമാണ് .**
2. എല്ലാ എംപ്ലോയീ പ്രൊഫൈലുകളും ലോക്ക് ചെയുന്നുണ്ടെന്ന് എല്ലാ ഓഫീസ് മേധാവികളും (DDO) ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ സൂപ്രണ്ടിംഗ് എൻജിനീയർമാരും അവരുടെ അധീനതയിലുള്ള എല്ലാ ഓഫീസുകളിലും ഈ പ്രവൃത്തി നടന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയത് 12.05.2022 വൈകുന്നേരം 5 മണിക്ക് മുൻപായി ഹെഡ് ഓഫീസിൽ sparkkwa@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഇപ്രകാരം റിപ്പോർട്ട് ചെയുമ്പോൾ ഓരോ ഓഫീസിലേയും ആകെ ജീവനക്കാരുടെ എണ്ണവും, ലോക്ക് ചെയ്ത പ്രൊഫൈലുകളുടെ എണ്ണവും, ഉൾപ്പെടുന്ന പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. റീജിയണൽ ഓഫീസുകൾ, സ്വീവറേജ്, പി.പി.ഡി & വാസ്കോൺ എന്നിവിടങ്ങളിലെ വിവരങ്ങൾ അതത് ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഹെഡ് ഓഫീസിൽ ഇതിനായി അക്കൗണ്ട്സ് ഓഫീസർ (അഡ്മിനിസ്ട്രേഷൻ &

Draft #2 of File 10566/E1/2022/KWA Approved by Managing Director on 05-May-2022 08:20 PM - Page 1

എസ്റ്റാബ്ലിഷ്മെന്റ്)-നെ ചുമതലപ്പെടുത്തുന്നു. ഡെപ്യൂട്ടി ചീഫ് എൻജിനീയർ (ജനറൽ) ഈ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തേണ്ടതാണ്.

3. **ഓരോ ഓഫീസിലും ഓരോ തസ്തികകൾക്കുമായി അനുവദിച്ചു നൽകിയിട്ടുള്ള തസ്തികകളുടെ എണ്ണം** (Sanctioned Strength) **സൂചന 3 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ ഓഫീസ് മേധാവികളും അതത് ഓഫീസുകളിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം** (Sanctioned Strength) 12.05.2022 **നകം ജി-സ്പാർക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.**
4. മേൽപ്പറഞ്ഞവിധം എല്ലാ എംപ്ലോയീ പ്രൊഫൈലുകളും ലോക്ക് ചെയ്യാത്തത് മൂലം ജനറൽ ട്രാൻസ്ഫർ ജി-സ്പാർക്കിലൂടെ നടത്തുന്നതുമായി ബന്ധപ്പെട്ട് അതോറിറ്റിക്ക് കോടതി വ്യവഹാരങ്ങൾ നേരിടേണ്ടി വരികയാണെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾക്കായിരിക്കും.
5. **മേൽ പറഞ്ഞ പ്രകാരം ലോക്ക് ചെയ്ത എംപ്ലോയീപ്രൊഫൈലുകളിൽ,** 2022 **വർഷത്തെ പൊതു സ്ഥലം മാറ്റ അന്തിമ പട്ടിക പ്രസിദ്ധീകരിക്കും വരെ ഓഫീസിന്റെ പേര്, തസ്തികയുടെ പേര് എന്നിവ ഉൾപ്പടെയുള്ള യാതൊരു വിവരങ്ങളിലും മാറ്റം വരുത്താൻ പാടില്ല.**
6. മേൽ പറഞ്ഞ നിർദ്ദേശങ്ങൾ സമയ ബന്ധിതമായി അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കേണ്ടതാണ്.

**വെങ്കടേസപതി എസ്., ഐ .എ .എസ്.**
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ ഡി ഡി ഒ / ഓഫീസ് മേധാവികൾക്കും
2. എല്ലാ ഓഫീസിലെയും ജി സ്പാർക്ക് നോഡൽ ഓഫീസർമാർക്കും
3. ജി സ്പാർക്ക് നോഡൽ ഓഫീസർ , ഹെഡ് ഓഫീസ്
4. ഡെപ്യൂട്ടി ചീഫ് എൻജിനീയർ (ജനറൽ)

പകർപ്പ്:-

1. ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
2. PA to AM / PA to TM / CA to CE(HRD&GL) / CA to CE(P&O) / CA to FM&CAO / CA to CLO / CA to DCE(GL) / CA to SR AO / AO(Est&Admn) / AO(Pay Slip & Pension) / SS (Est) / JS (Est) / All Sections in Establishment / File / SF

Draft #2 of File 10566/E1/2022/KWA Approved by Managing Director on 05-May-2022 08:20 PM - Page 2

The document is digitally approved. Hence signature is not needed.